शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2015-'16

## സാമൂഹ്യശാസ്ത്രം

സമയം: 2 മണിക്കൂർ

ക്ലാസ്സ് VII

**നിർദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

**1** **ദേശീയ ബോധം വളർന്നതോടെ ബ്രിട്ടീഷ് ഭരണത്തിൽ നിന്നും മോചനം നേടാനുള്ള ഇന്ത്യക്കാരുടെ ശ്രമങ്ങൾ വർദ്ധിക്കുകയായിരുന്നു. അത് നിരവധി പ്രസ്ഥാനങ്ങളുടെ ഉദയത്തിനും പ്രക്ഷോഭങ്ങൾക്കും കാരണമാവുകയും ചെയ്തു.**

എ. ഇന്ത്യൻ ദേശീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ടൈം ലൈൻ ശരിയായ രീതിയിൽ ക്രമീകരിക്കുക ?

| | |
|---|---|
| 1905 | സൂറത്ത് സമ്മേളനം |
| 1857 | സർവ്വേന്ത്യാ മുസ്ലിം ലീഗ് സമ്മേളനം |
| 1907 | ബംഗാൾ വിഭജനം |
| 1885 | ഹോം റൂൾ രൂപീകരണം |
| 1906 | ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകരണം |
| 1916 | ഒന്നാം സ്വാതന്ത്ര്യസമരം |

ബി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രധാന രൂപീകരണ ലക്ഷ്യങ്ങൾ ഏതെല്ലാമായിരുന്നു.?

**2** **വരുമാനമുണ്ടാക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങളെ സാമ്പത്തിക പ്രവർത്തനങ്ങൾ എന്ന് വിളിക്കുന്നു.**

എ. താഴെ കൊടുത്തിരിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളെ പ്രാഥമികം, ദ്വിതീയം, ത്രിതീയം എന്നീ മേഖലകളിൽ പട്ടികപ്പെടുത്തി എഴുതുക.

**കൃഷി, വ്യവസായം,ഗതാഗതം, വനപരിപാലനം,കെട്ടിട നിർമ്മാണം, ബാങ്കിംഗ്,ഇൻഷ്വറൻസ്,വൈദ്യുതി ഉല്പ്പാദനം,മത്സ്യബന്ധനം,ഖനനം,വാർത്താ വിനിമയം,വ്യാപാരം**

ബി. ഈ മേഖലകളുടെ പരസ്പര ബന്ധം കാണിക്കുന്ന ഒരു ഉദാഹരണം എഴുതുക?

സി. ഇന്ത്യയിൽ തൊഴിൽ ലഭ്യത ഏറ്റവും കൂടുതൽ ഏത് മേഖലയിലാണ് ? പ്രാഥമിക മേ

3 പല ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും പരിപാടികളും നടപ്പിലാക്കിയും പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തിയുമാണ് സർക്കാരുകൾ ഭക്ഷ്യ സുരക്ഷ എന്ന ലക്ഷ്യം നേടാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

എ. സർക്കാർ തലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും പരിപാടികളും ചുവടെ പട്ടികയിൽ ചേർക്കുന്നു. അവയുടെ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.

| പദ്ധതികളും പരിപാടികളും | ലക്ഷ്യങ്ങൾ |
|---|---|
| അന്നപൂർണ്ണ | |
| സ്കൂൾ ഉച്ചഭക്ഷണ പരിപാടി | |
| സംയോജിത ശിശുവികസന പരിപാടി | |
| മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | |

ബി. നഗരങ്ങളിലെ തൊഴിൽ രഹിതർക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതിയുടെ പേരെന്താണ്?

4 ഭൂപടങ്ങൾ ഭൂമിശാസ്ത്രകാരന്റെ പ്രധാന ഉപകരണമാണ്.

എ. വിദ്യാർത്ഥികളും അധ്യാപകരും അല്ലാതെ ആരൊക്കെ ഏതെല്ലാം മേഖലകളിലാണ് ഭൂപടങ്ങൾ ഉപയോഗിക്കുന്നത്. തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കു.

| മേഖലകൾ | വ്യക്തികൾ |
|---|---|
| 1 പ്രതിരോധ മേഖല | സൈനികർ |
| 2. | |
| 3. | |
| 4. | |
| 5. | |

ബി. ഭൂപടങ്ങളുടെ ചരിത്രത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക

സി. ആധുനിക ഭൂപട നിർമ്മാണത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര് ? മെർക്കാറ്റർ

5 ഏകീകൃതമായ ചില പൊതുഘടകങ്ങൾ ഉൾപ്പെടുത്തിയാണ് നാം ഭൂപടങ്ങൾ നിർമ്മിക്കുന്നത്.

എ. ഭൂപടത്തിൽ ഉണ്ടാകേണ്ട അവശ്യ ഘടകങ്ങൾ ഏതെല്ലാമാണ് ?

ബി. രേഖാചിത്രവും രൂപരേഖയും (പ്ലാൻ) തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

6 **ഭൂമിയിലെ എല്ലാ ജീവജാലങ്ങളും ഉൾപ്പെടുന്ന ജൈവമണ്ഡലം ശിലാമണ്ഡലത്തിന്റെയും ജലമണ്ഡലത്തിന്റെയും വായുമണ്ഡലത്തിന്റെയും പരസ്പര പ്രവർത്തനങ്ങളുടെ ഫലമായാണ് നിലനിൽക്കുന്നത്.**

എ. ശിലാമണ്ഡലത്തിൽ കാണുന്ന പ്രധാനപ്പെട്ട മൂന്ന് ഭൂരൂപങ്ങൾ ഏതെല്ലാമാണെന്ന് നിർവചിച്ചെഴുതുക?

ബി. ശിലാമണ്ഡലം മനുഷ്യന് എത്രമാത്രം പ്രയോജനപ്രദമാണെന്ന് വിശദീകരിക്കുക

7 പ്രകൃതിയിൽ മനുഷ്യന്റെ വിവേകരഹിതമായ ഇടപെടലുകൾ ജലദൗർലഭ്യത്തിന് കാരണമാവുന്നു.

എ. നമ്മുടെ നാട്ടിലെ ശുദ്ധജലസ്രോതസ്സുകൾ എങ്ങനെയെല്ലാം മലിനപ്പെടുന്നു?

ബി. ശാസ്ത്രീയ സ്ഥലജല പരിപാലനത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കും ?

8 ജാതി വ്യവസ്ഥയുമായി ബന്ധപ്പെട്ട അനേകം സാമൂഹ്യ തിന്മകളും അവസര നിഷേധങ്ങളും ചൂഷണങ്ങളും നിലനിന്നിരുന്ന നാടാണ് കേരളം.

എ. കേരളത്തെ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ചത് ആരാണ് ? വിവേകാനന്ദൻ

ബി. സമപന്തിഭോജനസമരം വിശദീകരിക്കുക ?

സി. ചാന്നാർലഹള എന്നാൽ എന്ത് ?